# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോഓർഡിനേഷൻ സമിതി

## 28.05.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8 മണിക്ക് സെക്രട്ടേറിയറ്റിലെ ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ബഹു.നഗരകാര്യവകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.05.2014-ലെ മുൻ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 സി.പി.ഡബ്ല്യൂ.ഡി പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തദ്ദേശഭരണ സ്ഥാപന പ്രതിനിധികളുടെ സംഘടനകളുമായി ചർച്ച ചെയ്ത് പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കാൻ 21.05.2014-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 2.1 ആയി സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ. സി.പി.ജോണിനെയും, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെയും ചുമതല പ്പെടുത്തിയിരുന്നു. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞതു പ്രകാരം 2014-15 വാർഷിക പദ്ധതിയിൽ ഒന്നുകിൽ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (ഡി.എസ്.ആർ.) സ്പെസിഫിക്കേഷൻ അവലംബിക്കുകയോ ആയതിന് പ്രായോഗികമായ ബുദ്ധിമുട്ടുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ നിരക്ക് വർദ്ധനവു കളൊന്നു മില്ലാതെ 2012 SOR അവലംബിക്കുകയോ ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിക്കാൻ തീരുമാനിച്ചു. 2015-16-ൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് സി.പി.ഡബ്ല്യു.ഡി. സ്വീകരിച്ചിരിക്കുന്ന ഡി.എസ്.ആർ. അനുസരിച്ചായിരിക്കണം. ആയതിനുള്ള തയ്യാറെടുപ്പ് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നടത്തേണ്ടതാണ്.

2.2 തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക് ട്രോണിക് വോട്ടിംഗ് മെഷീനുകൾ ആർജ്ജിക്കുന്നതിനാവശ്യമായ ഫണ്ട് പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും കണ്ടെത്തുന്നതിന് നിർദ്ദേശിച്ചു. ജില്ലാ പഞ്ചായത്തുകൾ 20 ലക്ഷം രൂപ വീതവും ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷം വീതവും ഗ്രാമപഞ്ചായത്ത് 9 ലക്ഷം രൂപ വീതവും ഇതിനായി മാറ്റിവയ്ക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

2.3 ഹോംകോ, മെഡിക്കൽ സർവീസ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് ഔഷധ ങ്ങൾ വാങ്ങുമ്പോൾ ഇൻവോയ്സ് പ്രകാരം ട്രഷറികൾ ബില്ല് പാസാക്കി നൽകണമെന്ന 2013 മാർച്ചിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവ് പാലിക്കപ്പെടുന്നില്ലെന്ന കേരള പഞ്ചായത്ത് അസോസിയേഷന്റെ പരാതി ട്രഷറി ഡയറക്ടറെക്കൂടി പങ്കെടുപ്പിച്ച് ചർച്ച ചെയ്യാൻ 14.05.2014-ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം തീരുമാനിച്ചിരുന്നു. അതുപ്രകാരം പങ്കെടുത്ത ട്രഷറി ഡയറക്ടർ അത്തരം പരാതികളൊന്നും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഉയർന്നു വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും, എന്നാൽ ധനകാര്യ വകുപ്പിന്റെ കൺകറൻസ് ഇല്ലാത്ത ഉത്തരവുകൾ ഒരു പക്ഷേ ചില ട്രഷറി ഓഫീസർമാർ പാലിച്ചില്ലെന്നു വരാമെന്നും അറിയിച്ചു. ധനകാര്യ വകുപ്പിന്റെ പ്രതിനിധി കൂടി ഉൾപ്പെടുന്ന വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള കോഓർഡിനേഷൻ കമ്മിറ്റിയിൽ കൈക്കൊ ള്ളുന്ന തീരുമാനങ്ങൾ പ്രകാരമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവുകൾക്ക് വീണ്ടും ധനകാര്യ വകുപ്പിന്റെ കൺകറൻസ് ആവശ്യമില്ലെന്നും, എന്നാൽ

ഉത്തരവുകൾ ധനകാര്യവകുപ്പിന്റെ എൻഡോഴ്സ്മെന്റോടുകൂടി ട്രഷറി ഡയറക്ടർക്ക് അയച്ചു കൊടുക്കുന്നത് നടപടികൾ സുഗമമാക്കാൻ സഹായകരമാകുമെന്നും തീരുമാനിച്ചു. ഇപ്രകാരം ഉത്തരവുകൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുമ്പോൾ ബന്ധപ്പെട്ട കോഓർഡിനേഷൻ കമ്മിറ്റിയുടെ നടപടിക്കുറിപ്പുകൾ കൂടി അയച്ചു കൊടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 30469/ഡി.എ2/14/തസ്വഭവ)**

പിശകുപറ്റിയതിന് ഉത്തരവാദികളായ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചതിനുശേഷം റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ചൂണ്ടൽ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 28167/ഡി.എ2/14/തസ്വഭവ)**

പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/സൈക്കിൾ വിതരണം പദ്ധതിയിന്മേൽ മാർഗരേഖപ്രകാരം ഇപ്പോൾതന്നെ വ്യവസ്ഥയുള്ളതാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 പരപ്പ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 29474/ഡി.എ2/14/തസ്വഭവ)**

കളിയുപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി ഒഴികെ അംഗനവാടികളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് ഗ്രാമവികസന കമ്മീഷണറുടെ ശുപാർശ അംഗീകരിക്കാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 30713/ഡി.എ2/14/തസ്വഭവ)**

എസ്.സി.പി. വിഭാഗത്തിൽ അനുവദിച്ച തുക ഉപയോഗിച്ച് മുണ്ടയ്ക്കൽ സാംസ്ക്കാരിക നിലയത്തിന് ചെലവഴിച്ചതു സംബന്ധിച്ച് വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 25942/ഡി.എ2/14/തസ്വഭവ)**

പദ്ധതി മാർഗരേഖപ്രകാരമുള്ള ചുമതലകൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്താൽ മതിയെന്നും മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചതിനെതിരെ നടപടി സ്വീകരിക്കണമെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പൊന്നാനി നഗരസഭ (ഫയൽ നം. 30380/ഡി.സി.3/14/തസ്വഭവ)**

ഓലമേഞ്ഞ വീടുകൾക്ക് പുരമേയുന്ന പദ്ധതി ഈ വർഷത്തേയ്ക്കും കൂടി മാത്രം അംഗീകരിക്കാൻ തീരുമാനിച്ചു. അടുത്ത വർഷം മുതൽ പദ്ധതി തുക ഇതിനായി ചെലവഴിക്കരുതെന്നും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 മാറനല്ലൂർ ഗ്രാമപഞ്ചായത്ത്   (ഫയൽ നം.28470/ഡി.ബി1/14/തസ്വഭവ)**

ഗ്രാമപഞ്ചായത്തിലെ പിന്നാവൂർ ലക്ഷം വീട് കോളനിയിലെ 26 ലക്ഷം വീടുകൾ പുനരുദ്ധരിക്കുന്നതിന് ഭവന നിർമ്മാണ വകുപ്പ് നൽകിയ നിർദ്ദേശങ്ങളെക്കുറിച്ചുള്ള സ്പഷ്ടീകരണം ഭവന നിർമ്മാണ വകുപ്പിൽ നിന്നും തേടേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ഗ്രാമപഞ്ചായത്തുകളിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം രൂപീകരിക്കുന്നത് സംബന്ധിച്ച്   (ഫയൽ നം.35055/ഐ.ബി.1/13/തസ്വഭവ)**

അടുത്തയോഗത്തിൽ പരിഗണിക്കുന്നതിലേയ്ക്കായി മാറ്റിവച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഭൂമി വാങ്ങുന്നത് സംബന്ധിച്ച്**

ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ കാസറഗോഡ് ജില്ലാ കമ്മിറ്റി ഓഫീസ് കെട്ടിടം അസോസിയേഷൻ പ്രസിഡന്റിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് വകുപ്പുതല നടപടി സ്വീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് – ബഹു പഞ്ചായത്ത് സാമൂഹ്യനീതിന്യായ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനം**

ആരോഗ്യപരിരക്ഷ പ്രവർത്തനവുമായി ബന്ധപ്പെട്ട യാത്രകൾക്ക് ആവശ്യമായ ഘട്ടങ്ങളിൽ വാഹനം വാടകയ്ക്കെടുക്കുന്നതാണ് ഉചിതമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാങ്ങുന്നത് സംബനധിച്ച് (ഫയൽ നം. 45198/ഡി.ബി3/13/തസ്വഭവ)**

ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം ലഭ്യമാക്കുന്നതു സംബന്ധിച്ച് വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ക്ഷീര വികസന വകുപ്പ് – പദ്ധതി നിർവഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് (ഫയൽ നം.30777/ഡി.എ1/14/തസ്വഭവ)**

ക്ഷീര വികസന പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥരെ നിശ്ചയിക്കുന്നത് സംബന്ധിച്ച് വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 മതിലകം ബ്ലോക്ക് പഞ്ചായത്ത്  (ഫയൽ നം.31331/ഡി.എ2/14/തസ്വഭവ)**

ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട കാര്യമായതിനാൽ വകുപ്പുതല നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2013–14–ലെ ഇനിയും മാറിക്കിട്ടാൻ ബാക്കിയുള്ള ബില്ലുകളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ 2014–15 വർഷത്തെ സ്പിൽഓവർ പ്രോജക്ടുകളായി ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 തിരൂർ നഗരസഭ**

വാഗൺട്രാജഡി ടൗൺഹാൾ നവീകരണത്തിനായുള്ള എസ്റ്റിമേറ്റ് സി.പി.ഡബ്ല്യൂ.ഡി. ഷെഡ്യൂൾ അനുസരിച്ച് റിവൈസ് ചെയ്യാൻ 26.03.2014–ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം 3.24 പ്രകാരം നഗരസഭയെ ചുമതലപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ച് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ചർച്ച ചെയ്യുകയും യാതൊരു കാരണവശാലും ടെണ്ടർ തുക വർദ്ധിപ്പിച്ചു നൽകേണ്ടതില്ലെന്നും, സി.പി.ഡബ്ല്യൂ.ഡി റേറ്റ്/ 2012 SOR പ്രകാരം പുതിയ ടെണ്ടർ വിളിച്ച് നടപടികൾ തുടരാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***(യോഗം രാവിലെ 9.00ന് അവസാനിച്ചു)***

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 04.06.02014ന് രാവിലെ 8 ന് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ്ഹാളിൽ കൂടുന്നതാണ്.***